**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1113 06.02.2020-ൽ മറുപടിയ്ക്ക്**

**നച്ച്യാട് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.സി.ജോസഫ്** | | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** | |
| (എ) | മലയോര ഹൈവേയുടെ ഭാഗമായി ഫണ്ട് അനുവദിച്ചിട്ടുള്ള നച്ച്യാട് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | മലയോര ഹൈവേയുടെ ഭാഗമായി ഫണ്ട് അനുവദിച്ചിട്ടുള്ള നച്യാട് പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കായി 22/11/2019 - ന് സൈറ്റ് കൈമാറിയിട്ടുണ്ട്. സർവ്വേ ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബോറിങ്ങ് പ്രവൃത്തികളാണ് ഇനി ബാക്കിയുള്ളത്. |
| (ബി) | ഇൻവെസ്റ്റിഗേഷൻ നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | പാലം നിർമ്മാണത്തിനാവശ്യമായ ടെൻഡർ നടപടിക്രമങ്ങൾ എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്നുള്ള വിവരം അറിയിക്കാമോ? | (സി) | ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചശേഷം റിപ്പോർട്ട് സമർപ്പിച്ച് ഡിസൈൻ വിഭാഗത്തിൽ നിന്നും ലഭിച്ച ഡ്രോയിങ്ങ് പ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികളിലേയ്ക്ക് കടക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ